**23U322** (Pages: 2) Name: ..................................

Reg.No: ..................................

**THIRD SEMESTER B.A. DEGREE EXAMINATION, NOVEMBER 2024**

(CBCSS - UG)

(Regular/Supplementary/Improvement)

**CC19U MAL3 B03 - നവീന മലയാള കവിത**

(Malayalam - Core Course)

(2019 Admission onwards)

Time : 2.5 Hours Maximum : 80 Marks

Credit : 4

**Part A** (Short answer questions)

Answer ***all*** questions. Each question carries 2 marks.

1. അന്യവത്കരണം എന്നാൽ എന്ത് ?
2. ”ഒന്നിങ്ങുനോക്കണേ നിങ്ങ,ളല്ലായ്കിലി - ന്നെന്തിനു ഞാനിതണിഞ്ഞുവന്നു” – വിവക്ഷഎന്ത് ?
3. ”കള്ളനാക്കില്ലാത്ത കൊള്ളിവാക്കില്ലാത്ത കള്ളപ്പറയില്ലാത്ത നാട് “- എന്ന വരിയിലെ സൂചനഎന്ത് ?
4. നാഴികമണിയും തസ്തികയും കണ്ണാടിയും പ്രതിനിധാനംചെയ്യുന്നതെന്ത് ?
5. എന്താണ് പ്രത്യയശാസ്ത്രം?
6. 'പോത്ത് ‘ എന്ന കവിത പ്രതിനിധീകരിക്കുന്ന സാമൂഹ്യ പശ്ചാത്തലമെന്ത്?
7. സുഖമനുഭവിക്കാൻ ശക്തിയില്ലാത്തവനാണ് താനെന്ന് ധൃതരാഷട്രർ ഭയക്കുന്നത് എന്തുകൊണ്ടാണ്?
8. "കാലം പഴയതല്ല,ചുടു വേനലാണ് കലിയാണ്" എന്ന് ധൃതരാഷ്ട്രർ ആകുലപ്പെടുന്നതിന്റെ പൊരുൾ എന്ത് ?
9. ആധുനികകാലഘട്ടത്തിൽ കവിതാരംഗത്ത് നിലയുറപ്പിച്ച കവയത്രികൾ ആരെല്ലാം ?
10. "പക്ഷേ, ഇടയെക്കൻ തൃഷ്ണകൾ കുതറിച്ചാടുന്നു" - എന്തിനുവേണ്ടി ?
11. അമ്മയുടെ ആവലാതികളെ മകൾ വർദ്ധിപ്പിക്കുന്നതെങ്ങനെ?
12. കൊട്ട എന്ന കവിതയുടെ പ്രമേയമെന്ത്?
13. കവി വലിയ ഫുട്ബോൾ കളിക്കാരനാകാനുള്ള കാരണം എന്തായിരുന്നു ?
14. "ചിരമാം ശൈശവമെനിക്കു ലക്ഷണം" - എന്തിനെക്കുറിച്ചാണ് പരാമർശം?
15. ’ഞങ്ങൾക്കങ്ങോട്ട് വരാൻ കഴിയുന്നില്ല നീ ഇങ്ങോട്ടു വാ ‘ - സന്ദർഭം ?

**(Ceiling: 25 Marks)**

**Part B** (Paragraph questions)

Answer ***all*** questions. Each question carries 5 marks.

16. നവീനകവിത മുന്നോട്ടുവയ്ക്കുന്ന രൂപപരമായ ദർശനങ്ങൾ എന്തെല്ലാം?
17. നാഗരികതയുടെ പൊതുസ്വഭാവങ്ങൾ എന്തായിരുന്നു?

18. നാടോടിസംസ്കാരം നവീനമലയാളകവിതയിൽ?

19. വിപ്ലവാഭിമുഖ്യം 'ബംഗാൾ 'എന്ന കവിതയിൽ പ്രകടമാകുന്നതെങ്ങനെ?

20. മിത്തും പുരാവൃത്തവും തമ്മിലുള്ള വ്യത്യാസമെന്ത് ?

21. സ്ത്രീയുടെ ദൈന്യത അവതരിപ്പിക്കാൻ ആറ്റൂർ പ്രകടിപ്പിക്കുന്ന രചനാവൈഭവം 'സംക്രമണം' എന്ന കവിതയിൽ ദൃശ്യമാകുന്നതെങ്ങനെ?'

22. പെണ്ണെഴുത്ത് രൂപപ്പെട്ടുവരുവാനിടയായ സാമൂഹിക സാഹചര്യമെന്ത്?വിശദമാക്കുക.

23. " അടയുന്ന കൺപോളകളോടെ ഓർക്കുവാൻ ശ്രമിക്കുന്നു " എന്താണ് കവി ഓർക്കാൻ ശ്രമിക്കുന്നത് ?

**(Ceiling: 35 Marks)**

**Part C** (Essay questions)

Answer any ***two*** questions. Each question carries 10 marks.

24. സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ അശ്രാന്ത പരിശ്രമം നടത്തിയ കവിയാണ് സുഗതകുമാരി . ചർച്ച ചെയ്യുക.

25. സ്ത്രീയുടെ നെടുവീർപ്പുകൾ കവിപ്രേയസി എന്ന കവിതയിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ

26. പുതിയ തലമുറയുടെ ഭാരരഹിതമായ ജീവിതത്തെ കനം എന്ന കവിതയിൽ ആവിഷ്ക്കരിക്കുന്നതെങ്ങനെ?

27. മാർത്തോമാ നഗറിലെ പ്രതിമകൾ കവിയുടെ മനസ്സിൽ ഉണ്ടാക്കുന്ന കാലത്തെക്കുറിച്ചുള്ള ചിന്തകൾ എന്തെല്ലാം?

**(2 × 10 = 20 Marks)**

*******